## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **29/11/2018-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക് രൂപീകരണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മോൻസ് ജോസഫ്<br>,, റോഷി അഗസ്റ്റിൻ<br>,, പി.ജെ. ജോസഫ്<br>ഡോ. എൻ. ജയരാജ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കേരള ബാങ്ക് രൂപീകരണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ ഹ്രസ്വകാല വായ്പ സഹകരണ സംഘങ്ങളെ നിലവിലുള്ള ത്രിതല സമ്പ്രദായത്തിൽ നിന്നും ദ്വിതല സമ്പ്രദായത്തിലേക്ക് പുനർ ക്രമീകരിച്ച് ഒരു പുതിയ ബാങ്ക് രൂപീകരിക്കുന്നതിന് 19 വ്യവസ്ഥകളോടെ റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നല്കിയിട്ടുണ്ട്. ടി വ്യവസ്ഥകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് നബാർഡ് മുഖേന അന്തിമ അനുമതിക്ക് സമീപിക്കാനാണ് RBI നിർദ്ദേശിച്ചിട്ടുള്ളത്. ആയതിന് വേണ്ടി 15 സബ്കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവർത്തനം പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ ബാങ്കിന് റിസർവ്വ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ; | (ബി) | റിസർവ്വ് ബാങ്ക് ചീഫ് ജനറൽ മാനേജരുടെ 3.10.2018-ലെ DCBR.CO.RCBD.NO.1007/19.51.007/ 2018-19 നമ്പർ കത്ത് പ്രകാരം തത്വത്തിലുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | സബ് കമ്മിറ്റികൾ പ്രവർത്തനം നടത്തുന്നത് റിസർവ് ബാങ്ക് മുന്നോട്ട് വച്ച നിബന്ധനകൾ പാലിക്കുന്നതിന് വേണ്ടിയാണ്. നിബന്ധനകൾ പാലിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ